# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 46 — 07.08.2017 ലെ മറുപടിയ്ക്ക്

### പദ്ധതി നിർവ്വഹണത്തിലുള്ള കാലതാമസം

| ചോദ്യം<br>ശ്രീ. ഒ. രാജഗോപാൽ | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിനു കാലതാമസം വരുത്തിയിരുന്നു. ഈ സർക്കാർ പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഭരണാനുമതി, സാങ്കേതിക അനുമതി തുടങ്ങിയവ സമയബന്ധിതമായി നൽകി വരുന്നു. |
| (ബി) ബജറ്റ് കമ്മി കൂടിവരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ? | (ബി) സമ്പദ് വ്യവസ്ഥയിൽ പൊതുവിൽ നിലനിൽക്കുന്ന മാന്ദ്യവും, നോട്ട് അസാധുവാക്കൽ, വേണ്ടത്ര മുൻകരുതലുകൾ ഇല്ലാതെ ചരക്ക് സേവന നികുതി പ്രാവർത്തികമാക്കൽ എന്നീ നടപടികളെത്തുടർന്നുണ്ടായ പ്രതിസന്ധികളും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പൊതുവിലുള്ള സാമ്പത്തിക മാന്ദ്യത്തിന്റെ ഭാഗമായി നികുതി വരുമാനത്തിലുണ്ടാകുന്ന കുറവും, സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വർഷം തോറും കൂടുതൽ തുക ചെലവഴിക്കേണ്ടി വരുന്നതും, ശമ്പള പരിഷ്കരണം മൂലമുണ്ടാകുന്ന അധികബാദ്ധ്യതയും, സാമൂഹ്യക്ഷേമ പെൻഷനുകൾ കുടിശ്ശിക ഉൾപ്പെടെ സമയബന്ധിതമായി വിതരണം ചെയ്യുന്നതും, കേന്ദ്ര ധനസഹായം ആനുപാതികമായി വർഷം തോറും വർദ്ധിക്കാതിരിക്കുന്നതുമാണ് സംസ്ഥാനത്തിന്റെ ബഡ്ജറ്റ് കമ്മി കൂടി വരുന്നതിനുള്ള പൊതുവായ കാരണങ്ങൾ. |

Joint

**പതിനാലാം കേരള നിയമസഭ ഏഴാം സമ്മേളനത്തിൽ 14.08.2017-ൽ മുഖ്യമന്ത്രി മറുപടി നൽകേണ്ടിയിരുന്ന നക്ഷത്രചിഹ്നമിടാത്ത 1642-ാം നമ്പർ ചോദ്യത്തിനുള്ള മറുപടി സഭയിൽ സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണം.**

പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിൽ 14.08.2017-ൽ മറുപടി നൽകേണ്ടിയിരുന്ന നക്ഷത്ര ചിഹ്നമിടാത്ത 1642-ാം നമ്പർ നിയമസഭാ ചോദ്യത്തിന്റെ 'ബി' പിരിവിന് ഭരണപരമായ കാരണത്താലാണ് യഥാസമയം മറുപടി നൽകാതിരുന്നതെന്നും ആയതിൽ ബോധപൂർവ്വമായ യാതൊരു കാലതാമസവും വരുത്തിയിട്ടില്ലെന്നും അറിയിക്കുന്നു.